**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1345** **07-10-2021 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി അദ്ധ്യാപകർക്ക് വേതനം നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അനേക വർഷങ്ങളായി സർക്കാർ സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന പ്രീ പ്രൈമറി അദ്ധ്യാപകരിൽ പലർക്കും വേതനം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2012-ന് ശേഷം സർക്കാർ അനുമതിയില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകളിലെ ജീവനക്കാർക്ക് ഓണറേറിയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പ്രീ പ്രൈമറി അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനും വേതനം നൽകുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) | 07/12/2012-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.385/2012/പൊ.വി.വ. പ്രകാരം 01.08.2012 വരെ സേവനത്തിലുള്ള യോഗ്യതയുള്ളവർക്ക് ഓണറേറിയം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 25.04.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.146/2013/പൊ.വി.വ. പ്രകാരം നിർദ്ദിഷ്ട യോഗ്യ നേടാത്തതും 01.08.2012-ൽ ഒരു വർഷത്തെ സർവ്വീസ് എങ്കിലും പൂർത്തിയാക്കിയതുമായ എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 01.08.2012 മുതൽ പ്രതിമാസം ഓണറേറിയം അനുവദിച്ചിട്ടുണ്ട്. 07.12.2012-ന് ശേഷം പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ല എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിയമനം അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടും വേതനം ലഭ്യമാകാത്ത പ്രീ പ്രൈമറി അദ്ധ്യാപകർക്ക് അർഹതപ്പെട്ട വേതനം നൽകുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയമനം നൽകിയ ജീവനക്കാർക്ക് ഓണറേറിയം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ